## പതിനാലാം കേരള നിയമസഭ
## പത്തൊൻപതാം സമ്മേളനം

നക്ഷത്രചിഹ്നമിടാത്ത നിയമസഭാചോദ്യം നം. 926 04/03/2020-ൽ മറുപടിക്ക്

### കൊട്ടാരക്കരയിൽ കരിയർ ഡെവലപ്‌മെന്റ് സെന്റർ

**ചോദ്യം**
ശ്രീമതി.പി.അയിഷാ പോറ്റി

**ഉത്തരം**
ശ്രീ. ടി.പി. രാമകൃഷ്ണൻ
(തൊഴിലും എക് സൈസും വകുപ്പ് മന്ത്രി)

| | | | |
|---|---|---|---|
| (എ) | തൊഴിൽ വകുപ്പ് കരിയർ ഡവലപ്‌മെന്റ് സെന്ററുകൾ ആരംഭിക്കുന്നതിലൂടെ ലക്ഷ്യമിടുന്ന നേട്ടങ്ങൾ വിശദമാക്കുമോ; | (എ) | നാഷണൽ എംപ്ലോയ്‌മെന്റ് സർവീസ് വകുപ്പ് നടപ്പിലാക്കി വരുന്ന കരിയർ ഡെവലപ്പ്മെന്റ് സെന്ററുകളിലൂടെ ലക്ഷ്യമിടുന്ന നേട്ടങ്ങൾ ചുവടെ ചേർക്കുന്നു.<br>ഗ്രാമീണ മേഖലയിലെ തൊഴിൽരഹിതരെ ഉദ്ദേശിച്ചുകൊണ്ട് 2016-17 സാമ്പത്തിക വർഷത്തിൽ നാഷണൽ എംപ്ലോയ്മെന്റ് സർവീസ് വകുപ്പ് മുഖേന ആവിഷ്ക്കരിച്ച് നടപ്പിലാക്കി വരുന്ന നൂതന പദ്ധതിയാണ് കരിയർ ഡെവലപ്‌മെന്റ് സെന്റർ (സി.ഡി.സി). ജില്ലാ എംപ്ലോയ്മെന്റ് എക്സ്ചേഞ്ചുകളിലെ വൊക്കേഷണൽ ഗൈഡൻസ് യൂണിറ്റുകളുടെ എക്സ്റ്റൻഷൻ സെന്ററുകളായി ടൗൺ എംപ്ലോയ്മെന്റ് എക്സ്ചേഞ്ചുകളോടൊപ്പമാണ് സി.ഡി.സി-കൾ പ്രവർത്തിക്കുന്നത്. ഗ്രാമീണ മേഖലയിലെ കുട്ടികൾക്ക് വിദ്യാഭ്യാസ മേഖലയിലെയും തൊഴിൽ മേഖലയിലെയും നൂതനപ്രവണതകളെകുറിച്ചും കാലാനുസൃതമായി ഉണ്ടാകുന്ന മാറ്റങ്ങളെക്കുറിച്ചും അറിവും പരിശീലനവും നൽകി ഉന്നത വിദ്യാഭ്യാസവും അനുയോജ്യമായ തൊഴിലും നേടിയെടുക്കുവാൻ സഹായിക്കുക എന്നതാണ് ഈ പദ്ധതികൊണ്ട് ഉദ്ദേശിക്കുന്നത്. ആധുനികമായ സാങ്കേതിക വിദ്യയും നവീനമായ കരിയർ ഡെവലപ്‌മെന്റ് ആശയങ്ങളും സമന്വയിപ്പിച്ചുകൊണ്ടു ഉദ്യോഗാർത്ഥികൾക്ക് കരിയർ സംബന്ധമായ ഏതു പ്രശ്നത്തിനും പരിഹാരം നൽകുന്ന ഒരു |

| | | | |
|---|---|---|---|
| | | | കേന്ദ്രമാണ് കരിയർ ഡെവലപ്മെന്റ് സെന്റർ. വ്യക്തിഗത മാർഗ്ഗനിർദ്ദേശം, ഗ്രൂപ്പ് കൗൺസിലിങ്, കരിയർ സെമിനാർ, മോട്ടിവേഷൻ ക്ലാസുകൾ, കരിയർ ഗൈഡൻസ് ക്ലാസുകൾ, മോക്ക് ഇന്റർവ്യൂ മത്സരപരീക്ഷാ പരിശീലനങ്ങൾ തുടങ്ങി വിവിധ സേവനങ്ങൾ കരിയർ ഡെവലപ്പ്മെന്റ് സെന്ററിൽ നിന്നും ലഭിക്കുന്നതാണ്. |
| (ബി) | സംസ്ഥാനത്ത് എവിടെയെല്ലാമാണ് കരിയർ ഡവലപ്മെന്റ് സെന്ററുകൾ ആരംഭിക്കുന്നതിന് തീരുമാനിച്ചിട്ടുള്ളത്; | (ബി) | തിരുവനന്തപുരം ജില്ലയിലെ നെയ്യാറ്റിൻകര, പാലോട്, ആലപ്പുഴ ജില്ലയിലെ കായംകുളം, പാലക്കാട് ജില്ലയിലെ ചിറ്റൂർ, കോഴിക്കോട് ജില്ലയിലെ പേരാമ്പ്ര എന്നിവിടങ്ങളിൽ കരിയർ ഡെവലപ്മെന്റ് സെന്ററുകൾ പ്രവർത്തിച്ച് വരുന്നുണ്ട്.<br>എറണാകുളം ജില്ലയിലെ തൃപ്പൂണിത്തുറയിൽ കരിയർ ഡെവലപ്പ്മെന്റ് സെന്റർ ആരംഭിക്കുന്നതിനുള്ള നടപടികൾ പുരോഗമിച്ച് വരുന്നു. ആയതിനോടൊപ്പം കോട്ടയം ജില്ലയിലെ തലയോലപ്പറമ്പ്, കൊല്ലം ജില്ലയിലെ കൊട്ടാരക്കര എന്നിവിടങ്ങളിലും കരിയർ ഡെവലപ്മെന്റ് സെന്റർ ആരംഭിക്കുന്നതിനായി സ്ഥലം ലഭ്യമായിട്ടുണ്ട്. |
| (സി) | കൊട്ടാരക്കര ആസ്ഥാനമാക്കി കരിയർ ഡവലപ്മെന്റ് സെന്റർ ആരംഭിക്കുന്ന-തിനുള്ള നടപടിക്രമങ്ങൾ ഏതു ഘട്ടത്തിലാണെന്ന് വ്യക്തമാക്കുമോ? | (സി) | കൊട്ടാരക്കര ടൗൺ എംപ്ലോയ്മെന്റ് എക്സ്ചേഞ്ചിനോടൊപ്പം കരിയർ ഡവലപ്പ്മെന്റ് സെന്റർ ആരംഭിക്കുന്നതിന് സ്ഥലം ലഭ്യമാക്കുന്നതിനായി PWD അധികാരികളും കൊട്ടാരക്കര തഹസിൽദാരുമായി നടത്തിയ ചർച്ചയിൽ പണി പൂർത്തീകരിച്ചു കൊണ്ടിരിക്കുന്ന കൊട്ടാരക്കര മിനി സിവിൽ സ്റ്റേഷൻ രണ്ടാം നിലയിൽ 2528 sq.ft സ്ഥലം ഒറ്റ ഹാളായി അനുവദിക്കുന്നതിന് ധാരണയായിട്ടുണ്ട്. |

സെക്ഷൻ ഓഫീസർ